പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**ചോദ്യം നമ്പർ : 2934** | **22.6.2012-ലെ മറുപടിക്ക്**

## മേയർമാരുടെ പി.എ. നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മേയർമാരുടെ പി.എമാരുടെ നിയമനം സംബന്ധിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേയർമാരുടെ ശുപാർശപ്രകാരമാണോ അതോ സർക്കാർ നേരിട്ടാണോ പ്രസ്തുത ഉദ്യോഗസ്ഥരെ നിയമിക്കുന്നത്; | (എ) ഉണ്ട്. കോർപ്പറേഷനുകളിലെ മേയർമാർക്ക് പി.എ തസ്തിക സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടും പുറപ്പെടുവിച്ച 9.2.2007-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്) 42/07/ തസ്വഭവ പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ മുതലായവയിൽ നിന്നുമുള്ള 11070-18450 ശമ്പള നിരക്കിലുള്ള (പ്രീ-റിവൈസ്ഡ്) ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമനം നടത്തുന്നതിന് മേയർമാരുടെ ശുപാർശ വേണമെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) മേയർമാരുടെ ശുപാർശ പ്രകാരം പി.എ. മാരെ നിയമിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ഉത്തരവിനെ മറികടക്കാൻ പി.എ.മാരെ അന്യായമായി സ്ഥലം മാറ്റി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |

| | | | |
|---|---|---|---|
| (സി) | മേയർമാർ ശുപാർശ ചെയ്യുന്നവരെ പി.എ. മാരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ മേയർമാരുടെ പി.എ. നിയമനം സംബന്ധിച്ച് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 9.2.2007-ലെ ജി.ഒ.(എം.എസ്) 42/07/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ